# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1082** — **29.9.2011 ൽ മറുപടിക്ക്**

## അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് നിർമ്മിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം. എ. വാഹീദ്<br>ശ്രീ കെ. ശിവദാസൻ നായർ<br>ശ്രീ പി. സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത്‌വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള റോഡ് നിർമ്മിക്കാൻ പദ്ധതിയുണ്ടോ; | (എ) ഉണ്ട് |
| (ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ അന്തരാഷ്ട്ര നിലവാരത്തിൽ നിർമ്മിക്കുവാനുള്ള ഒരു സമഗ്ര പദ്ധതിക്ക് (State Road Improvement Project ) രൂപം നൽകിയിട്ടുണ്ട്. ഇതിനായി ഏകദേശം 5100 കോടി രൂപ മുതൽ മുടക്ക് വരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) ഇതിനുവേണ്ടി നിയോഗിച്ച വിദഗ്ദ്ധ സമിതി സർവ്വേ നടത്തിയിട്ടുണ്ടോ;<br>(ഡി) ഏതൊക്കെ റോഡുകളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് | (സി) & (ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ കണ്ടെത്തുന്നതിനു വേണ്ടി കേന്ദ്ര ഉപരിതല മന്ത്രാലയത്തിന്റെ പാനലിൽ ഉൾപ്പെ കൺസൾട്ടൻസിയായ വിൽബർ സ്മിത് അസോസിയേറ്റ്സിനെയാണ് ചുമതല പ്പെടുത്തിയിരിക്കുന്നത്. |
| (ഇ) ഇതിനുള്ള ധനം എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) ഈ പദ്ധതിക്കായി ഏകദേശം 5100 കോടി രൂപ മുതൽ മുടക്ക് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ഭൂമി ഏറ്റെടുക്കുവാനായി 1000 കോടി രൂപ സംസ്ഥാന സർക്കാരും ബാക്കി തുക ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായം, ഇൻഫ്രാസ്ട്രക്ചർ ബോണ്ട്, പബ്ലിക് പ്രൈവറ്റ് പാർട്ടണർഷിപ്പ് മുതലായ മാർഗ്ഗങ്ങളിലൂടെ സമാഹരണം നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ